**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **14-03-2022 - ൽ മറുപടിയ്ക്ക്**

**എഡ്ഡീ വീൽസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംയുക്ത സംരംഭങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിന്റെ ഭാഗമായി ആരംഭിക്കുന്ന എഡ്ഡീ വീൽസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കെ.ടി.ഡി.സി.യെ കൂടുതൽ ജനകീയമാക്കിയെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് വൈക്കത്ത് കായലിനോട് ചേർന്ന് ലഘുഭക്ഷണങ്ങൾ, ശീതള പാനീയങ്ങൾ, വിവിധതരം ഐസ്ക്രീമുകൾ തുടങ്ങിയവ നൽകുന്ന "എഡ്ഡീ വീൽസ്" എന്ന സംരംഭം ആരംഭിച്ചത്. ഏകദേശം 35 ലക്ഷം രൂപ മുതൽ മുടക്കുള്ള ഈ പദ്ധതി ബീച്ചിൽ വരുന്നവർക്ക് വളരെ ആകർഷകവും ആസ്വാദ്യകരവുമായ ഒന്നായിട്ടാണ് സജ്ജീകരിച്ചിട്ടുള്ളത്. കായലോരത്തുള്ള നിർമ്മാണ പരിമിതികൾ ഉൾക്കൊണ്ട് കെ.എസ്.ആർ.ടി.സി. നൽകിയ പഴയ ബസ്സിന്റെ ബോഡി ഉപയോഗിച്ചാണ് എഡ്ഡീ വീൽസ് റസ്റ്റോറന്റ് ഒരുക്കിയിട്ടുള്ളത്. ഇരുനിലകളായി സജ്ജീകരിച്ച ബസ്സിന്റെ താഴത്തെ നിലയിൽ 20 പേർക്കും, മുകളിൽ 24 പേർക്കും ഇരിക്കാൻ കഴിയും. പുറത്ത് താഴെയുള്ള പുൽത്തകിടിയിൽ 16 പേർക്ക് ഇരിക്കാനും സൗകര്യമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സംരംഭകർ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.സി.യും തമ്മിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (ബി) | കെ.എസ്.ആർ.ടി.സി.യുമായി വാടകയിനത്തിലോ, മറ്റ് കാര്യങ്ങളിലോ കരാറുകൾ ഉണ്ടാക്കിയിട്ടില്ല. കരാർ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി തുടക്കത്തിൽ എവിടെയെല്ലാമാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്; പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | (സി) | വൈക്കത്ത് പൂർണ്ണതോതിൽ എഡ്ഡീ വീൽസിന്റെ പ്രവർത്തനം ആരംഭിച്ചു. അനുയോജ്യമായ സ്ഥലം കിട്ടുന്ന മുറയ്ക്ക് എഡ്ഡീ വീൽസ് മറ്റ് സ്ഥലങ്ങളിലും തുടങ്ങുന്നതിനെകുറിച്ച് ആലോചിക്കാവുന്നതാണ്. |
| (ഡി) | പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിൽ വിഭാവന ചെയ്ത പദ്ധതിയുടെ നടത്തിപ്പിലും ഗുണ-വില നിലവാരത്തിലും ഏകീകരണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) | സാദ്ധ്യതയുള്ളിടത്തും, നിർമ്മാണ പ്രവർത്തികൾക്ക് പ്രയാസമുള്ളയിടത്തും, പരിസ്ഥിതി ലോല പ്രദേശങ്ങളിലും പഴയ ബസ്സിന്റെ ബോഡി ഉപയോഗിച്ചാണ് എഡ്ഡീ വീൽസ് നടപ്പാക്കാൻ |

| | | | |
|---|---|---|---|
| | | | പദ്ധതിയിട്ടുന്നത്. ഗുണവില നിലവാരത്തിൽ ഏകീകരണത്തിന് ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | ടൂറിസം മേഖലയിലെ വിവധ സ്ഥാപനങ്ങളുമായി ചേർന്ന് ഈ സംരംഭം വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഈ സംരംഭം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ